**17U114**

Reg. No…………………………………………. Name……………………………………….

# B. A. DEGREE END SEMESTER EXAMINATION OCTOBER / NOVEMBER 2017

## SEMESTER – 1 : ADDITIONAL LANGUAGE MALAYALAM FOR B.A. ENGLISH

## COURSE: 15U1CCMAL1B – KATHA, KAVITHA, NATAKAM

*(Common for Regular 2017 admission and Supplementary / Improvement 2016 / 2015 admissions)*

Time: Three Hours Max Marks: 75

### എ വിഭാഗം

**ഒരു വാക്കിലോ, വാകൃത്തിലോ ഉത്തരമെഴുതുക**

1. ''ആരുടെയൊക്കെ ആഹാരമാണ് ഞാൻ. എന്റെ രക്തവും എന്റെ മാംസവും എന്റെ അസ്ഥിയും ഭാരതത്തിന്റേത്''. ഏതു കഥയിലെ പരാമർശം?
2. 'സീത മുതൽ സത്യവതി വരെ' എന്ന കൃതിയുടെ കർത്താവ്?
3. പാതാളത്തിന്റെ മുഴക്കം, 1963 എന്നീ കവിതാ സമാഹാരങ്ങൾ രചിച്ച ആധുനികകവി?
4. ഭാരതീയം, അഗസ്ത്യഹൃദയം എന്നീ കവിതകളെഴുതിയ കവി?
5. 'തച്ചന്റെ മകൻ' എന്ന കവിത ആരുടേത്?
6. 'പുഴകടന്നു മരങ്ങളുടെയിടയിലേക്ക്' എന്ന ചെറുകഥാ സമാഹാരത്തിന്റെ കർത്താവ്?
7. ''എന്നെ നീ സ്നേഹിക്കുമോ
എന്നോടു ഞാൻ യാചിച്ചു'' – ഏതു കവിതയിലെ പരാമർശം?
8. ''ഇവനെയല്ലോ ചുട്ടുകൊല്ലുന്നു ഞാൻ, നിത്യ–
മിവനെയല്ലോ ചില്ലിലിട്ടു വില്ക്കുന്നു ഞാൻ'' – ആരെക്കുറിച്ചാണ് ഈ പരാമർശം?
9. ജീവസത്യത്തിൽ തേൻ പകരുന്നത് എന്താണെനന്നാണ് 'സൗപർണ്ണിക' നാടകത്തിലെ ഗായക സംഘം പാടുന്നത്?
10. ''നശ്വരരായ ഞങ്ങൾക്കു മാത്രമാണ് ശാശ്വതമായ സ്നേഹം സാദ്ധ്യമാകുന്നത്''. ആര്, ആരോടു പറയുന്നത്? (1 × 10 = 10)

### ബി വിഭാഗം

**അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും എട്ടെണ്ണത്തിന് ഉത്തരമെഴുതുക.**

11. ''മനുഷ്യമൃഗത്തിന്റെ ഇരുചുമലുകളിലും അബ്നോർമ്മൽ ഗ്രോത്തു പോലെ ര ു വീഡിയോ ക്യാമറകൾ'' – സന്ദർഭവും സൂചിതവും വിശദമാക്കുക.
12. ''ഇപ്പോഴാകട്ടെ, അതു മരണവും പ്രതീക്ഷിച്ച് അത്താണിയിൽ ചാഞ്ഞു കിടക്കുന്ന ക്ഷീണിതനും മുറിവേല്പിക്കപ്പെട്ട ശരീരത്തോടു കൂടിയവനുമായ ഒരു വഴിയാത്രക്കാരനെപ്പോലെ'' – ഈ വിവരണം കഥാസന്ദർഭത്തിനു നൽകുന്ന അധികമാനം എന്ത്?
13. ''ഓരോരുത്തരെയും തഴുകിക്കൊ ് എന്റെ സ്നേഹം അങ്ങനെ പരക്കട്ടെ, ഭാരതം കവിഞ്ഞും... ഭൂഗോളം കവിഞ്ഞും'' ഏതു കഥയിലെ പരാമർശം? ദർശനസൂചന എന്ത്?
14. ''ഇതാണ് പടച്ചോൻ തരുന്ന രഹസ്യം. നീ ഇതൊന്നും ആരോടും പറഞ്ഞേക്കരുത്''. സന്ദർവും സൂചിതവും വിശദമാക്കുക.
15. ''നമ്മൾ തന്നറിയാത്ത കാൽച്ചവിട്ടേണ്ണററു
ഞരിഞ്ഞ തൃണാവർത്തദേഹം, പുലരിയിൽ
വഴിവക്കിൽ മലപോൽ കിടന്നതും'' – സൂചിതമെന്ത്?
16. ''ക്ഷുത്തടങ്ങാത്ത ദുർമ്മരണത്തിന്റെ
സർപ്പമെൻ കാൽച്ചുവട്ടിലു ിപ്പോഴും'' – സന്ദർഭവും സൂചനയും വിശദമാക്കുക.
17. ''കണ്ണുനീർതാവുമൊലീവിലയായ് നിന്റെ
കരുണയും കൂട്ടിനെത്തുന്നു'' – സന്ദർഭം വിശദമാക്കുക.

18. ‘‘ഞാനിപ്പോൾ ഓർക്കുന്നത് ആരോ പറഞ്ഞ ആ വാചകമാണ്. മലയാളത്തിന്റെ റോഡ് സൈഡുകളിൽ നിന്ന് അൽത്തൂസർ കൂകുന്നു’’. സന്ദർഭം വിശദമാക്കുക.
19. ‘‘കടവിൽ നില്ക്കുമ്പൊ കുളിരാ. ഒന്നു മുങ്ങി നിവരുമ്പഴോ കുളിരു പോയി’’ - എന്തിനെക്കുറിച്ചാണ് പരാമർശം?
20. ‘‘ആസക്തിയെന്നാൽ സ്വയം സ്നേഹിക്കുക എന്നാണർത്ഥം. അവിടെനിന്നു ബഹുദൂരം സഞ്ചരിച്ചില്ലേ നാം?’’. സന്ദർഭവും സൂചനയും വിശദമാക്കുക. (2 × 8 = 16)

**സി. വിഭാഗം**

**ഓരോ പുറത്തിൽ കവിയാതെ അഞ്ചെണ്ണത്തിന് ഉത്തരമെഴുതുക.**

21. ‘വായനാഗന്ധി’യായ കഥകളാണ് ബി. മുരളിയുടേത് എന്ന നിരീക്ഷണം ‘ഉമ്പർട്ടോ എക്കോ’ എന്ന കൃതിയെ മുൻനിർത്തി പരിശോധിക്കുക.
22. ‘മനുഷ്യപുത്രി’ എന്ന കഥ അവതരിപ്പിക്കുന്ന മാനവിക ദർശനം വിശദമാക്കുക.
23. ‘മനുഷ്യന്റെ ചരിത്രത്തെ സ്വാർത്ഥതയും അധികാരാസക്തിയും മലിനമാക്കുന്നു’ എന്ന ആശയമാണ് ‘ഞാൻ’ എന്ന കവിത അവതരിപ്പിക്കുന്നത്. ശരിയോ?
24. ജന്മദിനമെന്ന കഥയുടെ ആഖ്യാനശൈലിയുടെ സവിശേഷത എന്ത്?
25. ‘സ്ത്രീചേതനയുടെ വിമോചനദാഹ’മെന്ന നിലയിൽ മാത്രം തച്ചന്റെ മകൾ എന്ന കവിതയെ പരിഗണിക്കുന്നത് ശരിയോ? ചർച്ച ചെയ്യുക.
26. ആധുനിക മാധ്യമസംസ്കാരത്തിന്റെ മനുഷ്യത്വവിരുദ്ധതയാണ് ‘മോക്ഷം’ ആഖ്യാനം ചെയ്യുന്നത്. ചർച്ച ചെയ്യുക.
27. സമകാലിക സമൂഹത്തിൽ ‘ഗാന്ധി’ എവിടെയൊക്കെ ഉയിർക്കുന്നുവെന്നാണ് കവി പറയുന്നത്?

(5 × 5 = 25)

**സി. വിഭാഗം**

28. ‘ജീവന്റെ വഴി’ എന്ന കവിത അവതരിപ്പിക്കുന്ന പാരിസ്ഥിതികാവബോധത്തിന്റെ സവിശേ ഷതയെന്ത്? ചർച്ച ചെയ്യുക.

അല്ലെങ്കിൽ

സാമൂഹികാന്തസ്സിനെപ്പററിയുള്ള മിഥ്യാവിചാരങ്ങളും മാനവികമായ മൂല്യങ്ങളോടുള്ള പ്രതിബദ്ധതയും വ്യക്തികളിൽ നടത്തുന്ന തീവ്രമായ സംഘർഷമായി ‘ഒററയാന്റെ പാപ്പാൻ’ എന്ന കഥയെ പരിഗണിക്കാമോ? സ്വന്തം നിലപാട് വിശദീകരിക്കുക.

29. ‘സഫലമീയാത്ര’ എന്ന കവിത സൃഷ്ടിക്കുന്ന വൈകാരിക പ്രഭാവത്തിനാധാരമായ ആഖ്യാന ഘടകങ്ങൾ എന്തെല്ലാം? പരിശോധിക്കുക.

അല്ലെങ്കിൽ

പാരമ്പര്യത്തിന്റെ ജഡനിയമങ്ങളും സർഗ്ഗാത്മകതയ്ക്ക് അനിവാര്യമായ സ്വാതന്ത്ര്യദാഹവും തമ്മിലുള്ള സംഘർഷം സൗപർണ്ണിക എന്ന നാടകത്തിൽ എങ്ങനെ പ്രവർത്തിക്കുന്നു. ചർച്ച ചെയ്യുക.

(12 × 2 = 24)